**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2098** **21-06-2024 - ൽ മറുപടിയ്ക്ക്**

**റെഡ് ബട്ടൺ പദ്ധതിയ്ക്ക് ചെലവഴിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള പോലീസ് നടപ്പിലാക്കിയ പൊതുജനാരോഗ്യ സുരക്ഷയ്ക്കായുള്ള റെഡ് ബട്ടൺ പദ്ധതിയ്ക്ക് 2024 മാർച്ച് വരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | അങ്കമാലി ആർ-ബട്ടൻ ടെക്നോളജീസ് ആന്റ് സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് (CSR Fund) ഉപയോഗിച്ചാണ് സ്ഥാപിച്ചിട്ടുള്ളത്. റെഡ് ബട്ടൺ സ്ഥാപിച്ച വകയിൽ സർക്കാർ ഫണ്ടുകൾ ചെലവായിട്ടില്ല.<br><br>കവടിയാർ, കഴക്കൂട്ടം, നെടുമ്പാശ്ശേരി, ആലുവ, , കാലടി സിഗ്നൽ ജംഗ്ഷൻ, കാലടി പ്രൈവറ്റ് ബസ് സ്റ്റാൻഡ്, കാലടി മട്ടൂർ ജംഗ്ഷൻ, തൃശ്ശൂർ എം.ഒ. റോഡ്, തൃശ്ശൂർ ശക്തൻ നഗർ എന്നിവിടങ്ങളിൽ റെഡ് ബട്ടൺ സ്ഥാപിച്ചിട്ടുണ്ട്. സംവിധാനത്തിന്റെ നിലവിലെ പ്രവർത്തനക്ഷമത പ്രത്യേകം വിലയിരുത്തിയിട്ടില്ല. കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള പരാതി സംവിധാനമായല്ല, ആപൽസൂചന അറിയിക്കുന്നതിനായാണ് റെഡ് ബട്ടൺ വിഭാവനം ചെയ്തിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്കായി എത്ര റെഡ് ബട്ടണുകൾ എവിടെയെല്ലാം സ്ഥാപിച്ചിട്ടുണ്ടെന്നും നിലവിൽ എത്രയെണ്ണം പ്രവർത്തന സജ്ജമാണെന്നും അറിയിക്കാമോ; ഈ പദ്ധതി വഴി 2024 മാർച്ച് വരെ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം അറിയിക്കാമോ? | (ബി) | അങ്കമാലി ആർ-ബട്ടൻ ടെക്നോളജീസ് ആന്റ് സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് (CSR Fund) ഉപയോഗിച്ചാണ് സ്ഥാപിച്ചിട്ടുള്ളത്. റെഡ് ബട്ടൺ സ്ഥാപിച്ച വകയിൽ സർക്കാർ ഫണ്ടുകൾ ചെലവായിട്ടില്ല.<br><br>കവടിയാർ, കഴക്കൂട്ടം, നെടുമ്പാശ്ശേരി, ആലുവ, , കാലടി സിഗ്നൽ ജംഗ്ഷൻ, കാലടി പ്രൈവറ്റ് ബസ് സ്റ്റാൻഡ്, കാലടി മട്ടൂർ ജംഗ്ഷൻ, തൃശ്ശൂർ എം.ഒ. റോഡ്, തൃശ്ശൂർ ശക്തൻ നഗർ എന്നിവിടങ്ങളിൽ റെഡ് ബട്ടൺ സ്ഥാപിച്ചിട്ടുണ്ട്. സംവിധാനത്തിന്റെ നിലവിലെ പ്രവർത്തനക്ഷമത പ്രത്യേകം വിലയിരുത്തിയിട്ടില്ല. കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള പരാതി സംവിധാനമായല്ല, |

| | | | |
|---|---|---|---|
| | | | ആപൽസൂചന അറിയിക്കുന്നതിനായാണ് റെഡ് ബട്ടൺ വിഭാവനം ചെയ്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ